# കേരളസർവകലാശാല

നം.പി.ആർ.161/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2022–23
### ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി 31.07.2022

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ./എയ്ഡഡ്/സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിലും, യു.ഐ.ടി, ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും 2022–23 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷനുള്ള അവസാന (https://admissions.keralauniversity.ac.in) 2022 ജൂലൈ 31.

നിശ്ചിതസമയത്തിനുള്ളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ തിരുത്തലുകൾക്കും ഓപ്ഷനുകളിൽ മാറ്റം വരുത്തുന്നതിനും ആഗസ്റ്റ് 5 വരെ സാധിക്കുന്നതാണ്. ട്രയൽ അലോട്ട്മെന്റ് ആഗസ്റ്റ് 02 നും ഫസ്റ്റ് അലോട്മെന്റ് ആഗസ്റ്റ് 06 നും പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ ഒന്നാം വർഷ (ഇന്റഗ്രേറ്റഡ്) ബി.എഫ്.എ., മെയിൽ നടത്തിയ നാലാം വർഷ ബി.എഫ്.എ. (പെയിന്റിംഗ്, സ്കൾപ്പ്ച്ചർ & അപ്ലൈഡ് ആർട്ട്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### മാനുസ്ക്രിപ്റ്റ് അസിസ്റ്റന്റ്, ഓയിലിംഗ് അസിസ്റ്റന്റ് – അഭിമുഖം

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ താളിയോലകളുടെ ഡിജിറ്റൈസേഷൻ പ്രോജക്ടിന്റെ ഭാഗമായി മാനുസ്ക്രിപ്റ്റ് അസിസ്റ്റന്റ്, ഓയിലിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ താൽക്കാലിക ഒഴിവുകളിലേക്ക് കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളുടെ അഭിമുഖം 2022 ആഗസ്റ്റ് 5 ന് രാവിലെ 10 മണി മുതൽ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ വച്ച് നടത്തുന്നതാണ്. അപേക്ഷ സമർപ്പിച്ചവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകൾ സഹിതം അന്നേ ദിവസം ഹാജരാകേണ്ടതാണ്.

### പിഎച്ച്.ഡി. നൽകി

ശ്രീരേഖ പി.എൽ., മുഹമ്മദ് ഫക്രുദീൻ അലി വി.ഐ. (ഹിസ്റ്ററി), രേഖ കുമാരി ഒ., ആര്യ വി.എസ്. (ഹിന്ദി), വിജയശ്രീ ആർ.എം. (എക്കണോമിക്സ്), സഞ്ജിത്ത് എസ്.ആർ., ഷൈനി തങ്കച്ചൻ (കൊമേഴ്സ്), ബദറുദീൻ ജെ. (അറബിക്), സന്തോഷ് കുമാർ എ.ജി., ഇയാസു നെജോ തമിസോ (സോഷ്യോളജി), ഷൈനി വി., വിദ്യ ലാലൻ, മഞ്ജുള ദേവി എം. (ഫിസിക്സ്), ബിന്നി റാണി സി. (പൊളിറ്റിക്കൽ സയൻസ്), ശാരിക എസ്. (കെമിസ്ട്രി), അശ്വതി യു., മാനസ വി.ജി. (ബയോടെക്നോളജി), രേണുക എം., ലത എൽ. (സംസ്കൃതം), നീന കിഷോർ (ഇംഗ്ലീഷ്), ലക്ഷ്മി പ്രിയ വി. (സുവോളജി), ദിവ്യ ആർ.കെ. (മ്യൂസിക്), സതീഷ് പി., തുൾഹജിത ബീഗം പി. (തമിഴ്),

ഷീജ റാണി എസ്.ഡി. (എഡ്യൂക്കേഷൻ) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ജൂലൈ 29 ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

തിരുവനന്തപുരം,
30.07.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)


**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**


**University information is available on 9188526670, 9188526671, 9188526674, 9188526675**